/58159/2022

/58159/2022

**വനിത ശിശുവികസന ഡയറക്ടറുടെ നടപടിക്രമങ്ങൾ**

(ഹാജർ. പ്രിയങ്ക ജി. IAS)

വിഷയം:- വനിത ശിശു വികസന വകുപ്പ് –സ്വധർ ഗ്രഹകളുടെ പ്രവർത്തനം കേരള സ്റ്റേറ്റ് സോഷ്യൽ വെൽഫയർ ബോർഡിൽ നിന്നും വനിത ശിശു വികസന വകുപ്പ് തലത്തിൽ ഏറ്റെടുത്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:

1. 18.06.2021 No.20-2/2021-CSWB നമ്പർ കേന്ദ്ര സർക്കാർ കത്ത്.
2. 31.08.2021 തീയതിയിലെ സ.ഉ.(കൈ)നം.2/2021/വ.ശി.വി.വ നമ്പർ സർക്കർ ഉത്തരവ്.
3. 26.08.2022 തീയതിയിലെ സ.ഉ(സാധാ)നം. 385/2022-WCDD നമ്പർ സർക്കാർ ഉത്തരവ്.

**ഉത്തരവ് നം. DWCD/2073/2022-WEC4(1); തീയതി: 03-09-2022**

ദുഷ്കരമായ സാഹചര്യങ്ങളിലും വിവിധ ജീവിത പ്രതിസന്ധികളിലും ചൂഷണത്തിനു വിധേയമാകുന്ന സ്ത്രീകൾക്കും പെൺകുട്ടികൾക്കും താത്ക്കാലിക താമസ സൗകര്യം, പുനരധിവാസം, വൈദ്യസഹായം, നിയമസഹായം മുതലായവ നൽകി ജീവിതത്തിലേക്ക് തിരിച്ച് കൊണ്ടുവരിക എന്ന ലക്ഷ്യത്തോടെയുള്ള കേന്ദ്രാവിഷ്കൃത പദ്ധതിയായ സ്വധാർഗ്രഹ് പദ്ധതി സംസ്ഥാനത്ത് 7 സ്ഥാപനങ്ങൾ മുഖേന നടപ്പാക്കുന്നു. ടി സ്ഥാപനങ്ങളുടെ പ്രവർത്തന മേൽനോട്ടം കേരള സ്റ്റേറ്റ് സോഷ്യൽ വെൽഫയർ ബോർഡ് മുഖേനയാണ് നടപ്പാക്കിയിരുന്നത്. എന്നാൽ പരാമർശം(1) ഉത്തരവ് പ്രകാരം കേരള സ്റ്റേറ്റ് സോഷ്യൽ വെൽഫയർ ബോർഡ് സ്ഥാപനം തത്വത്തിൽ നിറുത്തലാക്കിയതായി കേന്ദ്ര സർക്കാർ അറിയിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ പരാമർശം(2) ഉത്തരവ് പ്രകാരം സ്വധർ ഗ്രഹകൾ വകുപ്പ് തലത്തിൽ ഏറ്റെടുത്ത് ഉത്തരവാകുകയും പരാമർശം(3) പ്രകാരം സ്വധർ ഗ്രഹകൾക്കുള്ള കേന്ദ്ര വിഹിതം തു 2235-02-103-65-01 ശീർഷകത്തിൽ നിന്നും സംസ്ഥാന വിഹിതം തുക 2235-02-103-65-02 ശീർഷകത്തിൽ നിന്നും വിനിയോഗിക്കുന്നതിന് സർക്കാർ അനുമതി ലഭിക്കുകയും ചെയ്തിട്ടുണ്ട്.

ടി സാഹചര്യത്തിൽ പരാമർശം ഉത്തരവുകളുടെ അടിസ്ഥാനത്തിൽ കേന്ദ്രാവിഷ്കൃത പദ്ധതിയായ സ്വധർ ഗ്രഹകളുടെ പ്രവർത്തനം കേരള സ്റ്റേറ്റ് സോഷ്യൽ വെൽഫയർ ബോർഡിൽ നിന്നും വനിത ശിശു വികസന വകുപ്പ് തലത്തിൽ ഏറ്റെടുത്ത് ഉത്തരവാകുന്നു. ടി സ്ഥാപനങ്ങൾ കേന്ദ്ര സർക്കാർ മാർഗനിർദേശം പ്രകാരം പ്രവർത്തിക്കുന്നുണ്ടോയെന്നു ജില്ല തലത്തിൽ അതാത് ജില്ല വനിത ശിശു വികസന ഓഫീസർമാർ നിരീക്ഷിക്കേണ്ടതാണ്. സ്വധർ ഗ്രഹകളുടെ പട്ടിക, കേന്ദ്ര സർക്കാർ മാർഗനിർദേശം എന്നിവ അനുബന്ധമായി ചേർക്കുന്നു.

സ്വധർ ഗ്രഹകൾക്കുള്ള കേന്ദ്ര വിഹിതം തുക 2235-02-103-65-01 ശീർഷകത്തിൽ നിന്നും സംസ്ഥാന വിഹിതം തുക 2235-02-103-65-02 ശീർഷകത്തിൽ നിന്നും വിനിയോഗിക്കേണ്ടതാണ്. ടി സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾക്കുള്ള തുക അതാത് ജില്ല വനിത ശിശു വികസന ഓഫീസർമാർക്ക് SNA അക്കൗണ്ട് മുഖേന അനുവദിച്ച് നൽകുന്നതാണ്. ജില്ല വനിത ശിശു വികസന ഓഫീസർമാർ ടി സ്ഥാപനങ്ങളുമായി കരാർ ഒപ്പ് വെച്ച് തുക ടി സ്ഥാപനങ്ങൾക്ക് മാറി നൽകേണ്ടതും, യു.സി. എസ്.ഒ.ഇ

/58159/2022

എന്നിവ യഥാസമയം സമർപ്പിക്കേണ്ടതും എല്ലാ സാമ്പത്തിക വർഷാവസാനവും വരവ് ചെലവ് കണക്കുകൾ പരിശോധിച്ച് ഓഡിറ്റഡ് യു.സി, എസ്.ഒ.ഇ എന്നിവ സമർപ്പിക്കേണ്ടതുമാണ്.

കേരള സ്റ്റേറ്റ് സോഷ്യൽ വെൽഫയർ ബോർഡ് ഈ ഉത്തരവ് കൈപ്പറ്റി ഏഴ് ദിവസത്തിനകം നാളിതുവരെ സ്വധർഗ്രഹകൾക്ക് തുക വിനിയോഗിച്ചതിന്റെ രജിസ്റ്ററുകൾ, മറ്റ് രേഖകൾ എന്നിവ കേരള സ്റ്റേറ്റ് സോഷ്യൽ വെൽഫയർ ബോർഡ് സെക്രട്ടറി തലത്തിൽ സാക്ഷ്യപ്പെടുത്തി വനിത ശിശു വികസന വകുപ്പ് ഡയറക്ടർക്ക് കൈമാറേണ്ടതാണ്.

(ഒപ്പ്)
**വനിത ശിശു വികസന ഡയറക്ടർ**

1. ജില്ല വനിത ശിശു വികസന ഓഫീസർമാർ, തിരുവനന്തപുരം, ഇടുക്കി, എറണാകുളം, മലപ്പുറം.
2. സെക്രട്ടറി, കേരള സ്റ്റേറ്റ് സോഷ്യൽ വെൽഫയർ ബോർഡ്

പകർപ്പ് സ്റ്റോക്ക് ഫയൽ.

**ഉത്തരവിൻ പ്രകാരം**

**സൂപ്രണ്ട്.**

/58159/2022

അനുബന്ധം. I

| Sl.No | Name of Swadhar Grehs |
|---|---|
| 1. | Abhaya<br>Athani, Pattoor Road<br>Vanchiyoor P.O,<br>Thiruvananthapuram.<br>Pin- 695 035 |
| 2 | Desasevini Vanitha Samajam<br>Thenguvila, Puthalam,Kottukal P.O,<br>Thiruvananthapuram.<br>Pin- 695 501 |
| 3 | Kerala Working Women's Association,<br>Near Contonment House<br>,Vikas Bhavan P.O,<br>Thiruvananthapuram.<br>Pin- 695 033 |
| 4 | District Women's Council Idukki,<br>Idukki Colony P.O,<br>Idukki.Pin- 685 602 |
| 5 | Dharmagiri Vikas Society<br>Social & Family Welfare Centre Kothamangalam, Ernakulam.<br>Pin- 686 691 |
| 6 | Peoples Council For Social Justice (PCSJ)<br>Acm Lord, A C City Building<br>Mathai Manjooran Road,<br>Opp.Mangalavanam<br>Near High Court Of Kerala<br>Ernakulam. Pin- 682 018 |
| 7 | National Service Society<br>P.B No.3, NSS Institute Building,<br>Calicut Road JubilyJunction,<br>Perinthalmanna P.O.Malappuram Dist.<br>Pin- 679 322 |

/58159/2022

വനിത ശിശു വികസന ഡയറക്ടർക്കു വേണ്ടി.